## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1055 — 12.03.2015 -ലെ മറുപടിയ്ക്ക്

### സർക്കാർ/എയ്ഡഡ് മേഖലയിൽ അറബിക് കോളേജുകൾ

*ചോദ്യം* — *ഉത്തരം*

ശ്രീ. ഡോ. കെ. ടി. ജലീൽ — ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എത്ര അറബിക് കോളേജുകളുണ്ട്; | (എ) | എയ്ഡഡ് മേഖലയിൽ കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ 9 അറബിക് കോളേജുകളും കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ 2 അറബിക് കോളേജുകളുമാണ് ഉള്ളത്. സർക്കാർ മേഖലയിൽ അറബിക് കോളേജുകളില്ല. |
| (ബി) | ഇവയിൽ എത്ര കോളേജുകൾ ആർട്സ് ആന്റ് സയൻസ്, കോമേഴ്സ് കോഴ്സുകൾ ആരംഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; | (ബി) | കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലെ 3 അറബിക് കോളേജുകളും കണ്ണൂർ സർവ്വകലാശാലയുടെ കീഴിലെ 2 അറബിക് കോളേജുകളും ആർട്സ് & സയൻസ് കോഴ്സുകൾ ആരംഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വിദഗ്ദ സമിതിയുടെ ശുപാർശ എന്താണ്; സർക്കാർ ഇക്കാര്യം അംഗീകരിച്ചിട്ടുണ്ടോ; | (സി) (ഡി) & (ഇ) | അറബിക് കോളേജുകൾക്ക് റഗുലർ ആർട്സ് & സയൻസ് കോളേജിന് തുല്യമാക്കുക അറബിക് കോളേജുകളിൽ മുഖ്യധാര കോഴ്സുകൾ അനുവദിക്കുക മുതലായ ശുപാർശകൾ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശകൾ സർക്കാർ പരിശോധിച്ച് വരുന്നു. ഈ ശുപാർശകൾ അംഗീകരിക്കുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല. |
| (ഡി) | ശുപാർശയിൻമേൽ ധനകാര്യ വകുപ്പിന്റെ നിലപാട് എന്തായിരുന്നുവെന്ന് വിശദമാക്കാമോ? | | |
| (ഇ) | അപേക്ഷിച്ച കോളേജുകൾക്കെല്ലാം കോമേഴ്സ് കോഴ്സുകൾ അനുവദിച്ചാൽ സർക്കാരിനുണ്ടാകാവുന്ന | | |

| | | | |
|---|---|---|---|
| | സാമ്പത്തിക ബാധ്യത എത്രയായിരിക്കും; എത്ര അധ്യാപക / അധ്യാപകേതര തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരുമെന്നു വ്യക്തമാക്കാമോ : | | |
| (എഫ്) | എയ്ഡഡ് അറബിക് കോളേജുകളിലേയ്ക്കുള്ള നിയമനം നടത്തുന്നത് ആരാണ്; | (എഫ്) | അറബിക് കോളേജുകളിലെ താഴ്ന്ന ഗ്രേഡിലേക്കുള്ള അദ്ധ്യാപക നിയമനം സർവ്വകലാശാല മാനദണ്ഡങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസി തന്നെയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ